DESPATCHED
On...29/06/2020

7- 3- 20.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2365*(2)/2018*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13021**/എസ്.ഐ.സി-ജി 6/18)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.പി.എസ്.ജാതപ്പൻ,
പുഴക്കരേടത്ത് വീട്,
പാട്ടുപുര നഗർ, കാക്കനാട് പി.ഒ.,
കൊച്ചി – 682 030. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഉന്നതവിദ്യാഭ്യാസ (എച്ച്) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി& ജോയിന്റ് സെക്രട്ടറി,
ജോയിന്റ് ചീഫ് പ്രോട്ടോകോൾ ഓഫീസർ,
പൊതുഭരണ (പാർലമെന്റ്) വകുപ്പ്,
ഗവ.സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം. } **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.09.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.10.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 06.12.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 15.11.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 15.11.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05.12.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.പി.എസ്.ജാതപ്പൻ,

15.11.2018ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2365(2)/189/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 24.09.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, അച്ചടി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ നിന്ന് വിരമിക്കുന്നവർക്ക് പെൻഷൻ കൊടുക്കുന്നത് സംബന്ധിച്ച് ഉയർന്ന തർക്കം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് GAD സെക്രട്ടറിയെ സമിതി ചെയർമാനായി തീരുമാനിച്ചിരുന്നോയെന്നും പെൻഷൻ സംബന്ധിച്ച് 30.11.2016ൽ മുഖ്യമന്ത്രിയുടെ സാന്നന്നിദ്ധ്യത്തിൽ സംഘടന പ്രതിനിധികളുമായി നടന്ന ചർച്ചയുടെ മിനിറ്റ്സ് സമിതി ചെയർമാന് നൽകിയിട്ടുണ്ടോയെന്നു തുടങ്ങി 11 ഇനങ്ങളായുള്ള വിവരങ്ങളാണ്. ആയതിന് 24.10.2018ന് നൽകിയ മറുപടിയിൽ കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ അന്തിമ തീരുമാനം എടുത്തിട്ടില്ലാത്തതിനാലും ഇതു സംബന്ധിച്ച കോടതിയലക്ഷ്യ കേസ് കോടതിയുടെ പരിഗണനയിലായതിനാലും ആയതു സംബന്ധിച്ച് പ്രശ്നങ്ങളിന്മേൽ വിശദമായ പഠനം നടത്തുന്നതിന് നിയോഗിച്ചിട്ടുള്ള വിദഗ്ദ സമിതിയുടെ റിപ്പോർട്ട് നൽകാൻ നിർവ്വാഹമില്ലെന്നും ടി സമിതി 3 മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും സമയപരിധിയ്ക്കുള്ളിൽത്തന്നെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും മേൽപ്പടി സ്ഥാപനത്തിൽ നിന്നും വിരമിക്കുന്ന ജീവനക്കാർക്ക് പെൻഷൻ ഏർപ്പെടുത്തിക്കൊണ്ടുള്ള നിലവിലുള്ള തീരുമാനത്തിൽ നിന്ന് സർക്കാർ പിന്നോട്ടില്ലെന്നു സംബന്ധിച്ച 30.11.2016ന് നടന്ന മീറ്റിംഗിൽ മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ടെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 06.12.2018ന് മറുപടി നൽകിയതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് പൂർണ്ണമായ മറുപടി നൽകിയിട്ടില്ലെന്നു ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ

ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നും കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാലാണ് റിപ്പോർട്ട് നൽകാത്തതെന്നും നിയമവകുപ്പിന്റെ അംഗീകാരം ലഭിച്ചാലേ റിപ്പോർട്ട് നൽകാൻ കഴിയുകയുള്ളുവെന്നുമാണ്. എന്നാൽ നിയമവകുപ്പുമായി ബന്ധപ്പെട്ട് ടി വിഷയം സംബന്ധിച്ച് റിപ്പോർട്ട് ഹർജിക്കാരന് 15 ദിവസത്തിനകം നൽകണമെന്നും ആയതിന്റെ ഒരു പകർപ്പ് കമ്മീഷനിൽ സമർപ്പിക്കണമെന്നും കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

5. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 മാർച്ച് 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)